ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:07.03.2025**

## പ്രധാനവാർത്തകൾ

1) അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ഉദ്ഘാടനം ചെയ്യും.
2) സംസ്ഥാന സർക്കാരിൻറെ വനിതാരത്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിവിധ മേഖലകളിൽ വ്യക്തമുദ്ര പതിപ്പിച്ച ആറ് വനിതകൾ പുരസ്ക്കാരം സ്വന്തമാക്കി.
3) കേന്ദ്രമന്ത്രി എസ് ജയശങ്കറിൻറെ സന്ദർശനത്തിനിടെ യുണ്ടായ സുരക്ഷാ വീഴ്ചയിൽ യു.കെ അധികൃതരോട് ആശങ്ക പങ്കുവച്ചതായി വിദേശകാര്യ മന്ത്രാലയം.
4) വേനൽ കാലത്ത് സംസ്ഥാനത്ത് ഇക്കുറി ലോഡ്ഷെഡിങ്ങ് വേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി കെ കൃഷ്ണൻകുട്ടി.
5) വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസ് പ്രതി അഫാനെ കൃത്യം നടന്ന സ്ഥലങ്ങളിലെത്തിച്ച് പോലീസ് തെളിവെടുപ്പ് നടത്തി.
6) ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റിയെ നേരിടും.

****************************************

RJU TVPM

**<u>രാഷ്ട്രപതി - വനിതാദിനം</u>**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് നാളെ ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ദ്രൗപദി മുർമു ഉദ്ഘാടനം ചെയ്യും. **<u>'നാരീശക്തിയിലൂടെ വികസിതഭാരതം'</u>** എന്ന പ്രമേയത്തിൽ വനിതാ ശിശു വികസന മന്ത്രാലയമാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.സായുധസേനകളിലും, പോലീസിലും അംഗങ്ങളായവർ, ആശാ, അങ്കൻവാടി പ്രവർത്തകർ തുടങ്ങി സമൂഹത്തിൻറെ നാനാതുറകളിൽ നിന്നുള്ള വനിതകൾ പരിപാടിയിൽ പങ്കെടുക്കും. ലോകബാങ്ക്, യുണിസെഫ് തുടങ്ങിയ അന്താരാഷ്ട്ര സംഘടനകളിൽ നിന്നുള്ള പ്രതിനിധികളും സമ്മേളനത്തിൻറെ ഭാഗമാവും. .

************************************

**<u>വനിതാദിനം - വീണാ ജോർജ്</u>**

സംസ്ഥാന സർക്കാരിൻറെ 2024ലെ വനിതാരത്ന പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വനിതാ കമ്മീഷൻ മുൻ അംഗം ടി.ദേവി, 75 വയസ്സുകാരിയായ അത്ലറ്റിക് താരം കെ വാസന്തി, ലിംഗനീതിക്കായി നിരന്തരം പോരാടിയ വനിതാ പോലീസ് ഉദ്യാഗസ്ഥ വിനയ എ.എൻ, വിപ്ലവഗായിക പി.കെ മേദിനി, വൈദ്യശാസ്ത്ര വിദഗ്ധ ഡോ. നന്ദിനി കെ. കുമാർ, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വയനാട്സ്വദേശി ഷെറിൻ ഷഹാന എന്നിവർക്കാണ് പുരസ്കാരം. തിരുവനന്തപുരത്ത് നാളെ നടക്കുന്ന ചടങ്ങിൽ മന്ത്രി വീണാ ജോർജ് പുരസ്കാരങ്ങൾ സമ്മാനിക്കും. അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി ചടങ്ങിൽ നിർവഹിക്കും.

************************************

RIJU TVPM

**രൺധീർ - (ഇൻട്രോ)**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ മൗറീഷ്യസ് സന്ദർശനം ഈ മാസം 11-ന് ആരംഭിക്കും. മൗറീഷ്യസ് ദേശീയ ദിനാഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു. വിദേശകാര്യമന്ത്രി എസ് ജയശങ്കറിൻറെ ലണ്ടൻ സന്ദർശനത്തിനിടെയുണ്ടായ സുരക്ഷാ വീഴ്ചയിൽ യു.കെ അധികൃതരോട് ആശങ്ക പങ്കുവച്ചതായും അദ്ദേഹം പറഞ്ഞു . വിഘടനവാദ ശക്തികളാണ് ഇതിന് പിന്നിലെന്നും, കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി യു.കെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും ശ്രീ ജയ്സ്വാൾ വ്യക്തമാക്കി.

**(ഹോൾഡ് ഫോർ ബൈറ്റ്...............)**

മുംബൈ ഭീകരാക്രമണ കേസ് പ്രതി തഹാവുർ റാണയെ ഇന്ത്യയ്ക്ക് കൈമാറുന്ന കാര്യത്തിൽ യു.എസ് ഗവൺമെൻറ് സ്വീകരിക്കുന്ന നടപടികൾ നിരീക്ഷിച്ചുവരികയാണെന്നും വിദേശകാര്യ വക്താവ് അറിയിച്ചു.

****************************************

**കെ കൃഷ്ണൻ കുട്ടി -പാലക്കാട്**

വേനൽ കാലത്ത് ഇക്കുറി സംസ്ഥാനത്ത് ലോഡ് ഷെഡിങ്ങ് വേണ്ടിവരില്ലെന്ന് പ്രതീക്ഷിക്കുന്നതായി വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി. എന്നാൽ വൈദ്യുതിയുടെ അമിത ഉപയോഗം ഉപഭോക്താക്കൾ സ്വയം നിയന്ത്രിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. വേനൽക്കാല വൈദ്യുതി ഉപയോഗം നേരിടുന്നതിനായി കെഎസ്ഇബി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ, മറ്റു

RNU TVPM

സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും മന്ത്രി പറഞ്ഞു.

************************************

**<u>സിപിഎം നയരേഖ</u>**

സംസ്ഥാന സർക്കാരിനെതിരായ തെറ്റായ പ്രചാരണങ്ങളെ പ്രതിരോധിക്കേണ്ടതിൻറെ ആവശ്യകത സിപിഐഎം സംസ്ഥാന സമ്മേളനത്തിൽ ചർച്ചയായതായി പാർട്ടി സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. വർഗ്ഗീയ ആശയങ്ങളെയും സ്വത്വരാഷ്ട്രീയത്തെയും ശക്തമായി പ്രതിരോധിക്കണമെന്ന അഭിപ്രായവും സമ്മേളനം ചർച്ച ചെയ്തതായി അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ദരിദ്ര ജനവിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സമ്പന്നർക്കും കൂടി നൽകുന്നതിൽ പാർട്ടി നയം പുനർവിചിന്തനം ആവശ്യപ്പെടുന്നതായും ശ്രീ എം.വി ഗോവിന്ദൻ അറിയിച്ചു.

************************************

**<u>വെഞ്ഞാറമൂട് കൂട്ടക്കൊല</u>**

വെഞ്ഞാറമൂട് കൂട്ടക്കൊലക്കേസ് പ്രതി അഫാനെ കൃത്യം നടന്ന സ്ഥലങ്ങളിലെത്തിച്ച് പോലീസ് തെളിവെടുപ്പ് നടത്തി. പാങ്ങോട് പൊലീസ് സ്റ്റേഷനിൽ ഇന്ന് കുഴഞ്ഞുവീണതിനെ തുടർന്ന് അഫാനെ രാവിലെ കല്ലറയിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ചിരുന്നു. ഇയാൾക്ക് ആരോഗ്യ പ്രശ്നങ്ങൾ ഇല്ലെന്ന് ഡോക്ടർമാർ അറിയിച്ചതിനെ തുടർന്ന് തെളിവെടുപ്പുമായി പോലീസ് മുന്നോട്ട് പോവുകയായിരുന്നു.

************************************

**<u>ബ്രേക്ക്......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

************************************

PNU TVPM

## ചിക്കൻ പോക്സ് - കോളേജ്

ചിക്കൻ പോക്സ് പടർന്നതിനെ തുടർന്ന് തിരുവനന്തപുരം സി.ഇ.ടി എഞ്ചിനീയറിങ് കോളേജ് ഈ മാസം 15 വരെ അടച്ചു. രോഗം പടരാതിരിക്കാൻ മെൻസ്, ലേഡീസ് ഹോസ്റ്റലുകൾ അടക്കേണ്ടുന്നതിനാൽ, ഇന്ന് വൈകുന്നേരത്തോടെ എല്ലാവരും ഹോസ്റ്റലുകൾ ഒഴിയണമെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചു. 40-ഓളം പ്രൈവറ്റ് ഹോസ്റ്റലുകൾ ഉൾപ്പെടെ എല്ലാ ഹോസ്റ്റലും അടയ്ക്കാനാണ് ആരോഗ്യ വകുപ്പിൻറെ നിർദ്ദേശം.

**************************************

## നീണ്ടകര - ഹാർബർ

തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകൾ നീണ്ടകര ഹാർബർ ഉപയോഗിച്ചതിനെ ചൊല്ലിയുണ്ടായ സംഘർഷത്തെ തുടർന്ന് ഫിഷറീസ് അധികൃതർ നടത്തിയ പരിശോധനയിൽ ബോട്ടുകൾ കേരളത്തിലെ ഹാർബറുകൾ ഉപയോഗിക്കാൻ പെർമിറ്റ് ഉള്ളവയെന്ന് കണ്ടെത്തി. തമിഴ്നാട്ടിൽ നിന്നുള്ള ബോട്ടുകൾ നീണ്ടകര ഹാർബറിലെത്തി മത്സ്യം വില്ക്കുന്നതിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്ക് എതിർപ്പുണ്ടായിരുന്നു. ഇന്ന് രാവിലെ എത്തിയ തമിഴ്നാട് ബോട്ടുകളിലെ മത്സ്യങ്ങളിൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾ മണ്ണെണ്ണ ഒഴിക്കുകയും, മത്സ്യം പിടിച്ചെടുക്കുകയും ചെയ്തതാണ് സംഘർഷത്തി നിടയാക്കിയത്. സംഘർഷം ആവർത്തിക്കാതിരി ക്കാൻ യോഗം വിളിക്കുമെന്ന് ഫിഷറിസ് അധികൃതർ പറഞ്ഞു.

**************************************

## ആറ്റുകാൽ പൊങ്കാല-കുത്തിയോട്ട വ്രതം

തിരുവനന്തപുരത്തെ ആറ്റുകാൽ പൊങ്കാല ഉത്സവത്തോട് അനുബന്ധിച്ചുള്ള കുത്തിയോട്ട വ്രതാരംഭ ചടങ്ങുകൾ ഇന്ന് നടന്നു. 592 ബാലന്മാരാണ് ഇത്തവണ കുത്തിയോട്ട വ്രതം

അനുഷ്ഠിക്കുന്നത്. ഈ മാസം 13- നാണ് പ്രശസ്തമായ ആറ്റുകാൽ പൊങ്കാല.

**************************************

## <u>ആകാശവാണി - പരിപാടി</u>

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാാം വാർഷിക ആഘോഷങ്ങളുടെയും, അന്താരാഷ്ട്ര വനിതാ ദിനത്തിൻറെയും ഭാഗമായി മാവേലിക്കരയിലെ എ ആർ രാജ രാജ വർമ സ്മാരകത്തിൽ നാളെ പ്രത്യേക പരിപാടി സംഘടിപ്പിക്കും. ആകാശവാണി തിരുവനന്തപുരം പ്രോഗ്രാം മേധാവി വി ശിവകുമാർ ഉദ്ഘാടനം ചെയ്യും. അക്ഷര ശ്ലോകക്കളരി, പ്രഭാഷണം, നാടൻപാട്ട് സന്ധ്യ എന്നിവ ഇതിൻറെ ഭാഗമായി നടക്കും.

**************************************

## <u>കണ്ണൂർ ആനമതിൽ - (ഇൻട്രോ)</u>

കണ്ണൂർ ആറളത്ത് ആനമതിൽ നിർമാണ പുരോഗതി വിലയിരുത്തുന്നതിന് ഉന്നത തല യോഗം ചേർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ........**
**(വോയിസ്..................)**

**************************************

## <u>കെ.എസ്.ഇ.ബി</u>

ട്രാൻസ്ഫോർമറുകളുടെ ക്ഷാമം കാരണം മലബാർ മേഖലയിലെ വൈദ്യുതി ഉപഭോക്താക്കൾ ഏറെ ദുരിതത്തിലാണെന്ന തരത്തിൽ വന്ന മാധ്യമ വാർത്ത വസ്തുതാപരമല്ലെന്ന് കെ.എസ്.ഇ.ബി. കേടായ ട്രാൻസ്ഫോർമറുകൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന- ക്ഷമമാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പാക്കി വരികയാണ്.

RNU TVPM

ട്രാൻസ്ഫോർമറുകൾ അപര്യാപ്തമാണെന്ന ആശങ്ക അസ്ഥാനത്താണെന്നും കെ.എസ്.ഇ.ബി. അറിയിച്ചു.

************************************

**<u>പത്തനംതിട്ട നഗരസഭ - (ഇൻട്രോ)</u>**

ഉറവിട മാലിന്യ സംസ്കരണം വഴി മാലിന്യപ്രശ്നം ഇല്ലാതാക്കുന്നതിന് പുറമേ, ഇതിലൂടെ വരുമാനവും ലഭിക്കും എന്ന് കാണിച്ചു തരികയാണ് പത്തനംതിട്ട നഗരസഭ. ജില്ലയിലെ മൂന്ന് പ്രധാന ഓഫീസ് സമുച്ചയങ്ങളിലെ ജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിലൂടെ 2.3 ടൺ ജൈവവളമാണ് നഗരസഭ വിൽപ്പന നടത്തിയത്.

**<u>ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി</u>**
**<u>ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....</u>**
**<u>(വോയിസ്........)</u>**

************************************

**<u>ചോദ്യപേപ്പർ ചോർച്ച കേസ്</u>**

ക്രിസ്മസ് പരീക്ഷ ചോദ്യപേപ്പർ ചോർച്ച കേസിൽ കൊടുവള്ളി എം എസ് സൊലൂഷൻ ഉടമ മുഹമ്മദ് ഷുഹൈബിനെ താമരശേരി കോടതി റിമാൻഡ് ചെയ്തു. ഹൈക്കോടതി മുൻകൂർ ജാമ്യപേക്ഷ തള്ളിയതിനെ തുടർന്ന് ഷുഹൈബ് ഇന്നലെ അന്വേഷണ സംഘത്തിന് മുന്നിൽ കീഴടങ്ങുകയായിരുന്നു. ജാമ്യപേക്ഷയിൽ കോടതി തിങ്കളാഴ്ച വാദം കേൾക്കും.

************************************

**<u>ഓട്ടോ ഡ്രൈവർ മരണം</u>**

മലപ്പുറത്ത് സ്വകാര്യബസ് ജീവനക്കാരൻ മർദിച്ച ഓട്ടോ ഡ്രൈവർ കുഴഞ്ഞുവീണ് മരിച്ചു. മാണൂർ സ്വദേശി തയ്യിൽ അബ്ദുൽ ലത്തീഫ് ആണ് മരിച്ചത്. സംഭവത്തിൽ ഓട്ടോറിക്ഷാ ഡ്രൈവർമാർ ബസ് തടഞ്ഞ് പ്രതിഷേധിച്ചു.

RNU TVPM

**************************************

## താപനില

സംസ്ഥാനത്ത് കനത്ത ചൂടിന് ശമനമില്ല. 11 ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. മറ്റന്നാൾ വരെ പാലക്കാട് ജില്ലയിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും; ആലപ്പുഴ, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

**************************************

## ഐ.എസ്.എൽ

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 7:30-നാണ് മത്സരം.

RNU TVPM

**************************************

****************************

************